# സമൂഹത്തെ അണിനിരത്തൽ

## തന്റെ സമൂഹത്തെ അണിനിരത്തുന്നതിനു വേണ്ടി അംഗൻവാടി പ്രവർത്തകയ്ക്ക് എന്തു ചെയ്യാനാകും?

- പോഷണവും ആരോഗ്യ വിദ്യാഭ്യാസവും സംബന്ധിച്ച അറിവും പ്രവർത്തനങ്ങളും സമൂഹത്തിലേക്ക് എത്തിക്കുക
- സമൂഹത്തിൽ പോഷണവും ആരോഗ്യവും സംബന്ധിച്ച സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടി ടിവി, റേഡിയോ, പ്രഹസനം, നാടകങ്ങൾ, നാടാൻ പാട്ടുകൾ തുടങ്ങിയവ പോലെയുള്ള ബഹുജന മാധ്യമങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും.
- എം.ഡബ്ല്യു.സിഡി.യുടെ ഐ.ഇ.സി. പ്രചാരണ വസ്തുക്കൾ ഉപയോഗിക്കുന്നത് വഴി ഐ.വൈ.സി.എഫ്. വഴക്കങ്ങളെ പ്രോത്സാഹിപ്പിക്കൽ, അസുഖമുള്ളപ്പോഴും ഗർഭിണിയായിരിക്കുമ്പോഴുമുള്ള പരിചരണം, ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ.
- സമൂഹത്തെ പ്രചോദിപ്പിക്കുന്നതിന് മാതൃ സമ്മേളനങ്ങളും സമൂഹ സമ്മേളനങ്ങളും ഉപയോഗിക്കുക. പി.എൽ.എ. സങ്കേതം ഉപയോഗിക്കേണ്ടതാണ്.
- സമൂഹത്തിന്റെ ആവശ്യങ്ങൾ അണിനിരത്തുന്നതിന് കമ്യൂണിറ്റി റേഡിയോ സ്ഥാപിക്കുന്നതിന്റെയും നടപ്പാക്കുന്നതിന്റെയും സാദ്ധ്യത ആരായുക.



## സമൂഹത്തെ അണിനിരത്തുന്നതിന്റെ ലക്ഷ്യങ്ങൾ

- ഇടപെടലുകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.
- കരുതലില്ലാത്ത വിഭാഗങ്ങളെ സഹായിക്കുന്നതിന് പുതിയതും നൂതനത്വമുള്ളതുമായ ഇടപെടലുകൾക്കുള്ള ആവശ്യകത വർദ്ധിപ്പിക്കുന്നു.
- നിലവിലുള്ള ഇടപെടലുകളുടെ ഫലസിദ്ധിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നു.
- സമൂഹത്തെ അവബോധമുള്ളതാക്കുന്നു അങ്ങനെസർക്കാർ മുഖേന ലഭ്യമാക്കപ്പെടുന്ന സേവനങ്ങളുടെ ഉപയോഗപ്പെടുത്തൽ വർദ്ധിപ്പിക്കുന്നു.
- ജില്ലകളുടെ ഉൾഭാഗങ്ങളിലേക്കുള്ള എത്തിച്ചേരൽ വർദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നു.
- സമൂഹത്തിന്റെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു.

## സമൂഹത്തിന്റെ സജീവ പങ്കെടുക്കലിനു വേണ്ടി ഓർമ്മിക്കേണ്ട കാര്യങ്ങൾ

- ഒരു അംഗൻവാടി പ്രവർത്തക സമൂഹത്തെ പഠിപ്പിക്കുന്നതിനും അണിനിരത്തുന്നതിനും സംഘടിപ്പിക്കുന്നതിനും വേണ്ടി പരിശീലനം നേടിയവളാണ് അതിന്റെ ഫലമായി കുട്ടികളുടെ അതിജീവനത്തിനും  വളർച്ചയ്ക്കു ഹേതുവാകുന്നതിനു വേണ്ടി സംയോജിത ശിശു വികസന സേവനങ്ങൾ പരിപാടിയിൽ ഉത്സാഹപൂർവ്വം പങ്കെടുക്കാൻ അവർക്കു കഴിയും.
- നിങ്ങളുടെ സമൂഹത്തെ ശരിയായി അറിയുകയും സമൂഹത്തിന്റെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കുകയും ചെയ്യുക. സമൂഹത്തിൽ ഇപ്പോൾ പ്രചാരത്തിലുള്ള വിശ്വാസങ്ങളെയും വഴക്കങ്ങളെയും പറ്റി അവബോധം ഉണ്ടായിരിക്കുക.
- സമൂഹത്തിലെ അംഗങ്ങൾ പറയുന്നത് ശ്രദ്ധിക്കുക. നിലവിലുള്ള വഴക്കങ്ങൾക്കും വിശ്വാസങ്ങൾക്കും വിരുദ്ധമായ പുതിയ ഇടപെടലുകൾ അവതരിപ്പിക്കരുത്.
- സമൂഹത്തിന്റെ ഗതി അപഗ്രഥിക്കാൻ ശ്രമിക്കുകയും ആ സാഹചര്യത്തോട് ഇണങ്ങുകയും ചെയ്യുക. തുടക്കം മുതൽ തന്നെ സംയോജിത ശിശു വികസന സേവനങ്ങൾ പരിപാടിയിൽ സമൂഹത്തെ ഉൾപ്പെടുത്തുക.
- സമൂഹത്തിന് വല്ല വിപരീത അനുഭവവുമുണ്ടെങ്കിൽ അതിന് ആദരവ്/പ്രാധാന്യം നൽകുകയും പങ്കുവയ്ക്കുന്നതിനു പുറമെ പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ആ വിപരീത തോന്നൽ പരിമിതമാക്കാൻ ശ്രമിക്കുക.

*സമൂഹത്തെ അണിനിരത്തുന്നതിന് സമയമെടുക്കും ഒപ്പം അതിന് ധാരാളം ഊർജ്ജവും ചെലവാക്കേണ്ടിവരും. നിങ്ങൾ സ്വന്തം ജോലിയിൽ പക്വത കൈവരിക്കുമ്പോൾ, നിരന്തരമായ പരിശീലനത്തിനും പിന്തുണയ്ക്കുമൊപ്പം, അവരുടെ അവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി സമൂഹത്തെ അണിനിരത്താൻ നിങ്ങൾ പഠിക്കും. അതിനിടയ്ക്കുള്ള കാലത്ത്, ക്ഷമയും പ്രതീക്ഷയും കൈവിടാതിരിക്കാൻ ശ്രമിക്കണം.*

### അംഗൻവാടി പ്രവർത്തകയ്ക്കു വേണ്ടി സമൂഹത്തെ അമിനിരത്തുന്നതിലെ പ്രമുഖ ചരണങ്ങൾ

